രൂപീകരിച്ച് സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഫിർമയും നൽകിവരുന്നുണ്ട്. എറണാകുളം ജില്ലയിൽ കടുങ്ങല്ലൂരിൽ ആരംഭിച്ചിട്ടുള്ള അലങ്കാര മത്സ്യകൃഷി പരിശീലന കേന്ദ്രത്തിൽ തന്നെ ഇവർക്ക് മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനും ഇവ ഫിർമയുടെ സഹായത്തോടെ വിറ്റഴിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(സി) 3 കേന്ദ്രങ്ങൾ.

മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക

82 [2580] ശ്രീ. ടി. യു. രാധാകൃഷ്ണൻ :

„ കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ മത്സ്യത്തൊഴിലാളി പെൻഷന്റെ എത്ര തവണകൾ കുടിശ്ശികയുണ്ടായിരുന്നു;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് തൊഴിലാളികൾക്ക് കുടിശ്ശികയുണ്ടായിരുന്ന പെൻഷൻ നൽകുകയുണ്ടായോ; എങ്കിൽ എത്ര ഗഡു കുടിശ്ശിക നൽകി; അതിന് എന്തുചെലവായി; ഇനി എത്ര ഗഡു കുടിശ്ശിക നൽകാനുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) 18 മാസ തവണകൾ കുടിശ്ശികയുണ്ടായിരുന്നു.

(ബി) 18 മാസത്തെ കുടിശ്ശിക ഉൾപ്പെടെ 4/2004 വരെയുള്ള 54 മാസത്തെ മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശികയും 7/2004 വരെയുള്ള 36 മാസത്തെ വിധവ പെൻഷനും നൽകിയിട്ടുണ്ട്. ഇതിനായി മൊത്തം 1680.88 ലക്ഷം രൂപ ചെലവായി. ഇനി 11 മാസത്തെ മത്സ്യത്തൊഴിലാളി പെൻഷനും 7 മാസത്തെ വിധവാ പെൻഷനും കുടിശ്ശികയുണ്ട്. ഒരു മാസത്തിനകം ബാക്കിയുള്ള കുടിശ്ശികയും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അപകടമരണ ധനസഹായം

83 [2581] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധനത്തിന് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട് മരിച്ചാൽ ഒരു ലക്ഷം രൂപ പ്രസ്തുത് തൊഴിലാളിയുടെ കുടുംബത്തിന് നൽകുന്ന സ്കീം വഴി എത്ര കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly